*ഹയർ സെക്കൻഡറി വിദ്യാഭ്യാസ*
*ഡയറക്ടറുടെ കാര്യാലയം*
*തിരുവനന്തപുരം 1*

നമ്പർ.ICT Cell/1771/3/ HSE/2019 07/06/2019

## പ്രസിദ്ധീകരണത്തിന്

## സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ റിസൾട്ട്,സ്പോർട്ട്സ് ക്വാട്ട സപ്ലിമെൻററി അലോട്ട്മെൻറ് അഡ്മിഷൻ,സപ്ലിമെൻററി അലോട്ട്മെൻറിനുള്ള അപേക്ഷാ സ്വീകരണം

ഏകജാലക സംവിധാനത്തിൻെറ മുഖ്യഘട്ടത്തിൽ മെരിറ്റ് ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിന് അപേക്ഷിക്കാനുള്ള അവസരം ജൂൺ 7 ന് ഉച്ചയ്ക്ക് 3 മണി വരെ അനുവദിച്ചിരുന്നു.പ്രസ്തുത അപേക്ഷകൾ പരിഗണിച്ചു കൊണ്ടുള്ള സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറ് റിസൾട്ട് ജൂൺ 10 ന് രാവിലെ 10 മണി മുതൽ പ്രവേശനം സാധ്യമാകത്തക്കവിധം പ്രസിദ്ധീകരിക്കുന്നതാണ്.വിദ്യാർത്ഥികൾക്ക് എന്ന www.hscap.kerala.gov.in വെബ്സൈറ്റിൽ “TRANSFER ALLOTMENT RESULTS” എന്ന് ലിങ്കിലൂടെ റിസൾട്ട് പരിശോധിക്കാവുന്നതാണ്.പ്രസ്തുത ലിങ്കിൽ നിന്നും ലഭിക്കുന്ന രണ്ട് പേജുള്ള അലോട്ട്മെൻറ് സ്ലിപ് എടുത്ത ശേഷം പുതിയ കോമ്പിനേഷനിലേക്കോ,പുതിയ സ്കൂളിലേക്കോ പ്രവേശനം ജൂൺ 11 ന് വൈകിട്ട് 4 മണിക്കുള്ളിൽ നേടേണ്ടതാണ്.

സ്പോർട്സ് ക്വാട്ട സപ്ലിമെൻററി അലോട്ട്മെൻറ് റിസൾട്ട് ജൂൺ 10 ന് രാവിലെ 10 മണിക്ക് പ്രസിദ്ധീകരിക്കുന്നതാണ്.സപ്ലിമെൻററി അലോട്ട്മെൻറിനായി അപേക്ഷിക്കാൻ ജൂൺ 7 ന് ഉച്ചയ്ക്ക് 3 മണി വരെ അവസരം നൽകിയിരുന്നു.സ്പോർട്സ് ക്വാട്ടയിലേയ്ക്കുള്ള അവസാന അലോട്ട്മെൻറാണിത്. www.hscap.kerala.gov.in എന്ന വെബ്സൈറ്റിലെ “Sports Allotment Results” എന്ന് ലിങ്കിലൂടെ 8 അക്കങ്ങളുള്ള സ്പോർട്സ് അപേക്ഷാ നമ്പരും ജനനത്തീയതിയും നൽകി ജില്ല സെലക്ട് ചെയ്ത് റിസൾട്ട് പരിശോധിക്കാവുന്നതാണ്.അലോട്ട്മെൻറ് ലഭിച്ച വിദ്യാർത്ഥികൾ പ്രസ്തുത ലിങ്കിൽ നിന്നും ലഭിക്കുന്ന രണ്ട് പേജുള്ള അലോട്ട്മെൻറ് സ്ലിപ് പ്രിൻറൗട്ടെടുത്ത് സ്പോർട്സ്

കൗൺസിലിൽ നിന്നും നൽകിയ സ്കോർകാർഡ്,അസ്സൽ സർട്ടിഫിക്കറ്റുകൾ(യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്,വിടുതൽ സർട്ടിഫിക്കറ്റ്,സ്വഭാവ സർട്ടിഫിക്കറ്റ്,സ്പോർട്സ് മികവു തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ) സഹിതം അലോട്ട്മെൻറ് ലഭിച്ച സ്കൂളിൽ പ്രവേശനത്തിനായി ഹാജരാകേണ്ടതാണ്.അലോട്ട്മെൻറ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അലോട്ട്മെൻറ് ലഭിച്ച സ്കൂളുകളിൽ ഫീസടച്ച് ജൂൺ 11ന് വൈകിട്ട് 4 മണിക്കുള്ളിൽ സ്ഥിരപ്രവേശനം നേടണമെന്ന് ഹയ്ര് സെക്കണ്ടറി ജോയിൻറ് ഡയറക്ടർ അറിയിച്ചു.

മുഖ്യഅലോട്ട്മെൻറിൽ അപേക്ഷിച്ചിട്ടും അലോട്ട്മെൻറ് ലഭിക്കാതിരുന്നവർക്കും ഇതുവരെയും അപേക്ഷ നൽകാൻ കഴിയാതിരുന്നവർക്കും സപ്ലിമെൻററി അലോട്ട്മെൻറിന് **ജൂൺ 10** മുതൽ അപേക്ഷിക്കാവുന്നതാണ്. മുഖ്യഘട്ടത്തിൽ അപേക്ഷ സ്കൂളിൽ സമർപ്പിച്ച് അലോട്ട്മെൻറ് ലഭിക്കാത്താവർ സപ്ലിമെൻററി അലോട്ട്മെൻറിന് പരിഗണിക്കുന്നതിനായി “RENEWAL FORM” നേരത്തേ അപേക്ഷ സമർപ്പിച്ച സ്കൂളിൽ സമർപ്പിക്കണം .ഇതുവരെയും അപേക്ഷ നൽകാൻ കഴിയാത്തവർ വെബ്സൈറ്റിലെ APPLY ONLINE-SWS എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിച്ച് ആയതിൻെറ പ്രിൻറൗട്ട് അനുബന്ധ രേഖകൾ സഹിതം അടുത്തുള്ള ഏതെങ്കിലും ഒരു സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളിൽ വെരിഫിക്കേഷനായി സമർപ്പിക്കണം. മുഖ്യഘട്ടത്തിൽ അപേക്ഷ ഓൺലൈനായി സമർപ്പിച്ച് പ്രിൻറൗട്ട് സ്കൂളിൽ വെരിഫിക്കേഷന് സമർപ്പിക്കാത്തവർ പ്രസ്തുത പ്രിൻറൗട്ടിൽ പുതിയ ഓപ്ഷനുകൾ എഴുതി ചേർത്ത് ഏറ്റവും അടുത്ത സർക്കാർ/എയിഡഡ് ഹയർ സെക്കൻററി സ്കൂളിൽ വെരിഫിക്കേഷനായി സമർപ്പിക്കണം.സപ്ലിമെൻററി അലോട്ട്മെൻറിനനായുള്ള വേക്കൻസിയും മറ്റു വിവരങ്ങളും **ജൂൺ 10** ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. . സപ്ലിമെൻററി അലോട്ട്മെൻറിനായുള്ള അപേക്ഷകൾ **ജൂൺ 11** ന് വൈകിട്ട് 4 മണിക്കുള്ളിൽ സമർപ്പിക്കേണ്ടതാണെന്നും ഹയർസെക്കൻററി ജോയിൻറ് ഡയറക്ടർ അറിയിച്ചു.

**ജോയിൻറ് ഡയറക്ടർ(അക്കാദമിക്)**